# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM 6/1461/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 12/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM 6/1461/21 തീയ്യതി: 12/10/2021

## മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2019 മുതൽ 23-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ദിനേഷൻ. എം ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.കെ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അബ്ദുസ്സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അബ്ദുൽ അലി.കുന്നൻ , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി രാജേഷ് | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 13-11-2020 | 20-12-2020 |
| ശ്രീമതി. എ.പി ജമീല ടീച്ചർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. സുനിൽ ബി | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി. ഷീജ കെ അഹമ്മദ് | സെക്രട്ടറി | 16-06-2020 | 08-02-2021 |
| ശ്രീമതി. ലളിത എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുനിൽ ബി | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി. ഷീജ കെ അഹമ്മദ് | സെക്രട്ടറി | 16-06-2020 | 08-02-2021 |
| ശ്രീമതി. ലളിത എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2021 | 31-03-2021 |
| ശ്രീമതി. ലളിത എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ആനന്ദ് ആർ കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. നിനു രവീന്ദ്രനാഥ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അബിനിത എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. സവിദ്യ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ആയുർവേദ) | | |
| ശ്രീമതി. സുലേഖ പി.ടി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. സോണി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദാലി എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 20-08-2020 |
| ശ്രീമതി. ഹുസ്ന സി.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-08-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 27-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-11 |
| 12 | കെട്ടിട നികുതി - ചുമത്തിയിതിൽ കുറവ്.<br>Written By: Abdul Ali Kunnan (Auditor, On 14-09-2021)<br>Last Updated By: Abdul Ali Kunnan (Auditor, On 18-09-2021) | 1-12 |
| 13 | കെട്ടിട നികുതി ചുമത്തിയത് -ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 12152 രൂപ അടവാക്കി.<br>Written By: Abdul Ali Kunnan (Auditor, On 18-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-12-1 |
| 14 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- അപാകതകകൾ<br>Written By: Abdul Ali Kunnan (Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-13 |
| 15 | പി.എച്ച്.സി - മരുന്നുകളുടെ ലഭ്യത സംബന്ധിച്ച്.<br>Written By: Abdul Ali Kunnan (Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-14 |
| 16 | മാർക്കറ്റിൽ സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്- ഫോം വർക്ക് ചെയ്തത് - അധിക ചെലവ് 9473 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി<br>Written By: M Dinesan (Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-15 |

| | | |
|---|---|---|
| 17 | മുൻകൂർ തുക നൽകിയെങ്കിലും Homco യിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല.<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-16 |
| 18 | യുനാനി ഡിസ്പെൻസറിയിലേക്ക് ഫാർമസിസ്റ്റ് കം അറ്റൻഡർ നിയമനം<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 12-09-2021) | 1-17 |
| 19 | സർക്കാർ അനുമതി ലഭ്യമാക്കാതെ ആയുർവേദ തെറാപിസ്റ്റ് നിയമനം - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-18 |
| 20 | മുൻകൂർ തുക നൽകിയിട്ടും ആയുർവേദമരുന്നുകൾ ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-19 |
| 21 | തെരുവു വിളക്ക് റിപ്പയർ - രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-20 |
| 22 | അഗതി രഹിത കേരളം - പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-21 |
| 23 | തെരുവ് വിളക്ക് സ്ഥാപിക്കൽ- അധികം ബൾബുകൾ വാങ്ങിയത് സംബന്ധിച്ച്<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-22 |
| 24 | ന്യൂട്രിമിക്സ് വിതരണം - ജി എസ് ടി - ടിഡിഎസ് ഈടാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-23 |
| 25 | അനുബന്ധ രേഖകൾ ലഭ്യമായില്ല .ചെലവു തുക തടസ്സം ചെയ്യുന്നു.<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 17-09-2021) | 1-24 |
| 26 | എസ് എസ് എ വിഹിതം അടവാക്കൽ<br>Written By: Jisha.K (Senior Grade Auditor, On 17-09-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 17-09-2021) | 1-24-1 |
| 27 | കൃഷിഭവന് കുഴൽകിണർ<br>Written By: Jisha.K (Senior Grade Auditor, On 17-09-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 17-09-2021) | 1-24-2 |
| 28 | സ്ട്രീറ്റ് മെയിൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 17-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-24-3 |
| 29 | ലൈബ്രറി സെസ്സ് അടവാക്കൽ കൈപ്പറ്റു രശീതി ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു.<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-25 |
| 30 | മുൻകൂർ തുക നൽകിയ കമ്പ്യൂട്ടർപ്രിന്റർ ലഭ്യമായില്ല,<br>Written By: Jisha.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-26 |
| 31 | അനുമതിയില്ലാത്ത ചെലവുകൾ- തുക തടസ്സം ചെയ്യുന്നു.<br>Written By: Jisha.K (Senior Grade Auditor, On 13-09-2021) | 1-27 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 07-10-2021) | |
| 32 | മഴക്കാല പൂർവ്വശുചീകരണം- ചെലവു രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.<br>Written By: Jisha.K (Senior Grade Auditor, On 13-09-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 13-09-2021) | 1-28 |
| 33 | കാലഹരണപ്പെട്ട ജാമ്യ നിക്ഷേപങ്ങൾ മുതൽ കൂട്ടിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 14-09-2021)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 14-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2021 ലെ ബഡ്ജറ്റ് 23.03.2020 തീയതിയിലെ 1 ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.02.2021 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.06.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24447877.85 |
| വരവ് | 101473631 |
| ആകെ | 125921508.85 |
| ചെലവ് | 93150832 |
| നീക്കിയിരിപ്പ് | 32770676.85 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12838514 | 12838514 | 12466365 | 372149 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6709824 | 6709824 | 6782919 | (-) 73095 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9119000 | 9119000 | 9105297 | 13703 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4191177 | 4191177 | 4183013 | 8164 |
| വികസനഫണ്ട് (CFC Tied Grant) | 0 | 5690000 | 5690000 | 4127615 | 1562385 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC Untied Grant) (ACR പ്രകാരം) | 0 | 9649500 | 9649500 | 7223997 | 2425503 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 54150 | 2669403 | 2723553 | 2537004 | 186549 |
| ടോട്ടൽ സാനിറ്റേഷൻ | 2749929 | 3103863 | 5853792 | 975315 | 4878477 |
| ദുരിതാശ്വാസ നിധി | 96190 | 0 | 96190 | 18000 | 78190 |
| ബി ഫണ്ട് | 0 | 77773380 | 77773380 | 77773380 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

1. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ചെലവ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 14234851/-രൂപയാണ്. എന്നാൽ വാർഷികകണക്ക് / എ.സി.ആർ എന്നിവയിൽ ആയത് 12466365/-രൂപയാണ്. ഈ ഇനത്തിൽ ചെലവ് തുക വ്യത്യാസം 1768486/- രൂപ
2. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം വികസന ഫണ്ട് (SCP) ഇനത്തിൽ ചെലവ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 7076095/-രൂപയാണ്. എന്നാൽ വാർഷികകണക്ക് / എ.സി.ആർ എന്നിവയിൽ ആയത് 6782919/-രൂപയാണ്. ഈ ഇനത്തിൽ ചെലവ് തുക വ്യത്യാസം 293176/- രൂപ

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 106833650 | 193 | 67029948 | 32 | 72 | 65% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 54150 | 2669403 | 2723553 | 2537004 | 186549 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 36381268 | 36381268 | 36381268 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21480 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 6818600 | 354 |
| വിധവാപെൻഷൻ | 19890500 | 1074 |
| വാർദ്ധക്യകാലപെൻഷൻ | 41065000 | 2377 |
| വികലാംഗപെൻഷൻ | 8134200 | 426 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1573600 | 90 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35300/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വെറ്റിനറി സർജൻ TR7A കാഷ് ബുക്കും പ്രൊജക്ട് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. സൂക്ഷിച്ച് വരുന്ന കാഷ് ബുക്കിൽ തനത് ഫണ്ടിന്റെയും ഗുണഭോക്തൃ വിഹിതത്തിന്റെയും വരവ് ചെലവ് വിവരങ്ങൾ ചേർക്കുന്നില്ല.
2. മെഡിക്കൽ ഓഫീസർ ആയുർവ്വേദം പ്രൊജക്ട് രജിസ്റ്ററിൽ ചെലവ് വിവരങ്ങൾ വർഷം തിരിച്ച് രേഖപ്പെടുത്തുന്നില്ല.

3. മെഡിക്കൽ ഓഫീസർ PHC പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. അസിസ്റ്റന്റ് സെക്രട്ടറി പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഒരു വിദ്യാർത്ഥിക്ക് കോഴ്സ് കാലയളവിൽ ഓരോ വർഷവും നൽകുന്ന സ്കോളർഷിപ്പ് വ്യത്യസ്ത പേജുകളിലാണ് രേഖപ്പെടുത്തുന്നത്. ഇത് ശരിയല്ല. കോഴ്സ് കാലയളവിൽ ഓരോ വർഷവും നൽകുന്ന സ്കോളർഷിപ്പ് ഒരേ പേജിൽ രേഖപ്പെടുത്തുന്നത രീതിയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/07/2021 | 11/2020 മുതൽ 12/2020 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| എ.ജി ഓഡിറ്റ് | 24/01/2019 To 05/02/2019 | 2013-14 To 2017-18 | 01/03/2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷ AFS പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ICDS ഫണ്ടിനത്തിൽ 2029776 രൂപ ബാലൻസ് ഉള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും ബി-17 ഷെഡ്യൂളിൽ പ്രസ്തുത തുക പ്രത്യേക അക്കൗണ്ടായി കാണിച്ചിട്ടില്ല.

3. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ജലനിധി അക്കൗണ്ടിൽ കാണിച്ച തുക ബി-17 ഷെഡ്യൂളിൽ നിന്നും വ്യത്യസ്തമാണ്.

4. പഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

5. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6. പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ/ അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഷിക കണക്കുമായി പരിശോധിക്കത്തക്കവിധം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

8. 2020-21 ലെ വിവരങ്ങൾ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9. ലോൺ രജിസ്റ്റർ തന്നാണ്ടിലെ വിവരം ചേർത്ത് കാലികമാക്കിയിട്ടില്ല.

## 1-12 കെട്ടിട നികുതി - ചുമത്തിയിതിൽ കുറവ്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ അസസ്മെന്റ് രജിസ്റ്റർ , സഞ്ചയ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരം കെട്ടിട നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ ന. | കെട്ടിട നമ്പർ(നികുതി ചുമത്തിയത്) | പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം, | കെട്ടിടത്തിന്റെ തരം, ഈടാക്കിയ നികുതി നിരക്ക് | ഈടാക്കിയതുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 11/324C (20/21 ഒന്നാം അർദ്ധവർഷം ) | ഹാരിസ് റഹ്മാൻ | 126M2 , | വാണിജ്യം 40 | 4234 (മേഖല ഇളവ് 10%)(മേൽക്കൂര ഇളവ് 10%) (+എൽ.സി 5%) | 6350 (100 M2 മുകളിലുള്ള കെട്ടിടങ്ങൾക്കു ള്ള നിരക്ക് ഈ ടാക്കിയില്ല(M2 ന് 60 രൂപ) | 2116 |

നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്( എൻക്വയറി നമ്പർ 05. തിയ്യതി02/09/2021).

## 1-12-1 കെട്ടിട നികുതി ചുമത്തിയത് -ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 12152 രൂപ അടവാക്കി.

ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് 2020-21വസ്തു നികുതി അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ക്രമപ്രകാരം നികുതി ചുമത്താതിരുന്ന 8/346 എ മുതൽ ഇ വരെ, 13/420 എ, ബി, 8/334 ബി നമ്പർ കെട്ടിടങ്ങളുടെ

വസ്തുനികുതി ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് പുന:പരിശോധിക്കുകയും ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 5 തിയ്യതി 2/9/2021) 13/9/2021 ലെ 1210100119 (485 രൂപ) ,1210100120 (485രൂപ),1210100121(971രൂപ),1210100122(923 രൂപ), 1210100123(923 രൂപ), 1210100117(489) ,1210100118( 837 രൂപ), 1210100133 (7039 രൂപ) നമ്പർ റസീപ്റ്റുകൾ പ്രകാരം ആകെ 12152 രൂപ നികുതി ചുമത്തുകയും ചെയ്തു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- അപാകതകകൾ

മെഡിക്കൽ ഓഫീസർ പി.എച്ച്.സി ചേലേമ്പ്ര 2020-21 വർഷം നിർവ്വഹണ നടത്തിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) രോഗ പ്രധിരോധം (പ്രൊജക്ട് നം 199/21 )

പ്രൊജക്ട് നടത്തിപ്പിനായി 2020-21 വർഷം ആകെ 107801 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നമ്പർ 32/27-3-21 പ്രകാരം 27651 രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും 26471 രൂപയുടെ വൌച്ചർ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അബ്സ്ട്രാകട് പ്രകാരം സ്റ്റേഷനറി ഇനത്തിൽ ചെലവഴിച്ച 1180 രൂപയുടെ വൌച്ചർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) പി.എച്ച്.സി ലാബ് സൌകര്യം ഒരുക്കൽ (പ്രൊജക്ട് നം 202/21)

1) ചെലവ് പത്രിക പ്രകാരം 72464 രൂപ ഈ പ്രൊജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നം 26/25-3-21 പ്രകാരം 17429 രൂപയും ,ട്രഷറി ബിൽ നം 33/25-3-21 പ്രകാരം 55035 രൂപയും ജീവൻ എന്റർപ്രൈസസ് ,കാലിക്കറ്റ് എന്ന സ്ഥാപനത്തിന് ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ നൽകിയ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രൊക്വയർമെന്റ് മാന്വൽ സ.ഉ.(പി)നം.259/2010 ത.സ്വ.ഭ.വ. തിയതി 08.11.10 മാർഗ്ഗരേഖ പ്രകാരം ചെലവ് തുക 50000 രൂപയിൽ കൂടുതൽ വരുന്ന സംഗതികളിൽ ക്വട്ടേഷൻ നടപടികൾ പാലിക്കേണ്ടതുണ്ട്. ടി സ്ഥാപനത്തെ തിരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

സി) പിഎച്ച്.സി ഫർണ്ണിച്ചർ വാങ്ങൽ - (പ്രൊജക്ട് നം 200/21)

പി.എച്ച്.സി യിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ പ്രൊജക്ടിന്റെ ഭാഗമായി ബിൽ നമ്പർ 16തി.30-12-20 പ്രകാരം 275762 രൂപയും 23-10-20 ലെ 2200660 നമ്പർ വൌച്ചർ പ്രകാരം 124121 രൂപയും അടക്കം ആകെ 399893 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/ 9-9-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുക.

## 1-14 പി.എച്ച്.സി - മരുന്നുകളുടെ ലഭ്യത സംബന്ധിച്ച്.

2020-21 വർഷം മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകളുടെ ബിൽ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എൻക്വയറി നമ്പർ 17/20-21 തിയ്യതി 10-09-2021 മുഖേനെ ആവശ്യപ്പെട്ടിരിന്നങ്കിലും ടി രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1) പ്രൊജക്ട് നം : 59/21 പാലിയേറ്റീവ് രോഗികൾക്ക് മരുന്ന്.

അടങ്കൽ : 200000 –MG(NR)

ബിൽ നം : 26/20-21 Dt 24-3-21 (200000)

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം ചെയ്ത മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി കേരള മെഡിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. മരുന്നുകളുടെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) പ്രൊജക്ട് നം : 60/21 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ .

അടങ്കൽ : 300000 –(200000-MG(NR),100000 Ownfund)

ബിൽ നം : 1) 23/20-21 Dt 10-3-21 (200000)

2) Voucher No 22001080 Dt 4-3-21

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം ചെയ്ത മേൽ പ്രൊജക്ട് പ്രകാരം പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി 300000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. തുക അനുവദിച്ചതിന്റെ ബിൽ വിവരങ്ങൾ, മരുന്നുകളുടെ

ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-15 മാർക്കറ്റിൽ സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്- ഫോം വർക്ക് ചെയ്തത് - അധിക ചെലവ് 9473 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി

പ്രൊജക്ട് നം : 333/21

അടങ്കൽ : 495000.00, തനത് ഫണ്ട്

ചെലവ് : 396906.00 ചെക്ക് നം.22811/23.7.2020

ടി.എസ് നം. : 106385/2018-19

DSR 2016, കോസ്റ്റ് ഇൻഡക്സ് 37.25%

കരാർ നം : AE/ CGP/79/18-19 തീയ്യതി.01.3.2019 (എസ്റ്റിമേറ്റ് റേറ്റ് )

കരാറുകാരൻ : അഷ്റഫ്.എൻ

എംബുക്ക് നം: 859/19-20, 860/19-20

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഡ്രൈനേജിന്റെ പാർശ്വ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി താഴെ പറയും പ്രകാരം ഫോം വർക്ക് ചെയ്തിട്ടുണ്ട്.

| പ്രവൃത്തി | അളവ് | |
|---|---|---|
| ഇനം.7.സൈഡ് വാൾ ഫോം വർക്ക് (4.3.2)@519.63/ എം2<br>എം ബുക്ക് 860/19-20 പേജ് നമ്പർ 7 | 4x28.30x0.33 | 37.35 എം2 |

ഈ ഡ്രൈനേജിന്റെ പാർശ്വ ഭിത്തിയുടെ ഉയരം 0.33മീറ്റർ മാത്രമാണ്. ഇത് പ്ലിന്ത് ലെവലിന് താഴെയുള്ള ഫോം വർക്ക് ആണ്. ഫോം വർക്കിന്റെ ഉയരം 1 മീറ്ററില് താഴെ മാത്രമാണ്. മാത്രമല്ല ഇത് മാസ് കോൺക്രീറ്റ് സ്വഭാവത്തിലുള്ള കോൺക്രീറ്റ് വർക്ക് ആണ്. ആയതിനാൽ DARസ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള @266/ എം2 നിരക്കാണ്, ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 4.3.2പ്രകാരമുള്ള @519.63/എം2 നിരക്ക് അനുവദിച്ചിട്ടുണ്ട്. ഇത് മൂലം ഈ പ്രൊജക്ടിൽ (37.35 X 519.63) - (37.35 X 266 ) = 9473 രൂപ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്

അപാകത ഓഡിറ്റ് എൻക്വയറി നം. 11/2020-21/7.9.2021 മുഖേനെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന അധികം നൽകിയ തുക 9473 രൂപ പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്തു. ആയത് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-16 മുൻകൂർ തുക നൽകിയെങ്കിലും Homco യിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്ട് : 08/21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 100000/- - MG(NR)

ബിൽ : 05/20-21/14.03.21 (100000/-)

2020-21 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി ഹോംകോയിലേക്ക് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04 /2020-21/31.08.21) മരുന്നുകൾ നാളിതുവരെയായി എത്തിയിട്ടില്ലെന്ന മറുപടിയാണ് നൽകിയത്. 2018-19 വർഷത്തിൽ മരുന്ന് വാങ്ങുന്നതിനായി മുൻകൂറായി അനുവദിച്ച 100000/- രൂപയും 2019-20 വർഷത്തിലെ പ്രോജക്ട വഴി മരുന്ന വാങ്ങുന്നതിനായി അനുവദിച്ച 100000/- രൂപയും അടക്കം മൊത്തം 300000/- രൂപയുടെ മരുന്നുകളാണ് ഇനിയും ഹോമിയോ ആശുപത്രിയിലേക്കലഭ്യമാവാനവശേഷിക്കുന്നത്. സ്ഥലപരിമിതി മൂലം മരുന്നുകൽ സൂക്ഷിക്കുന്നതിന് സൗകര്യമില്ലെന്നും ഹോമിയോ ഡോക്ടർ (NRHHM) വാക്കാൽ അറിയിച്ചു. ഇത്തരത്തിൽമരുന്ന് ലഭ്യമാവാൻ ബാക്കിയുണ്ടായിട്ടും വീണ്ടും പ്രോജക്ട് വഴി മുൻകൂറായി പണം നൽകുന്നത് അഭികാമ്യമല്ല. നിലവിൽ മുൻകൂറായി നൽകിയ തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥല പരിമിതി മറികടക്കുന്നതിനുള്ള ഊർജ്ജിത ശ്രമവും ഉണ്ടാവേണ്ടതാണ്.

## 1-17 യുനാനി ഡിസ്പെൻസറിയിലേക്ക് ഫാർമസിസ്റ്റ് കം അറ്റൻഡർ നിയമനം

പ്രോജക്ട് : 40/20-21 യുനാനി ഡിസ്പെൻസറി ഫാർമസിസ്റ്റ് കം അറ്റൻഡർ വേതനം

ചെലവ് : 33660/- (തനത് ഫണ്ട്)

2020-21 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം യുനാനി ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് കം അറ്റൻഡറെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ചേലേമ്പ്ര ഗവ.ആയുർവേദ ആശുപത്രിയിൽ ആരംഭിക്കുന്ന യുനാനി യൂണിറ്റിലേക്ക് നാഷണൽ ആയുഷ് മിഷന്റെ കീഴിലുള്ള ഒതുക്കുങ്ങൽ ആയുഷ് ഹോളിസ്റ്റിക് സെന്ററിലെ യുനാനി മെഡിക്കൽ ഓഫീസറുടെ സേവനം സപ്തംബർ 8 മുതൽ ആഴ്ചയിൽ രണ്ട് ദിവസം ,ചേലേമ്പ്ര ആയുർവേദ ആശുപത്രിയിൽ അനുവദിച്ചുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ (ഐ എസ് എം) 03.09.20 ലെ എ3/10763/2017 ഉത്തരവിറക്കിയിരുന്നു. ഇതിനെ തുടർന്നാണ് ഫാർമസിസ്റ്റ് കം അറ്റൻഡറെ നിയമിച്ച് പ്രതിദിനം 660 രൂപ വേതനം നല്കിയിട്ടുള്ളത്. ഓഡിറ്റ് പിരീഡിലും ഈ തസ്തിക ടിയാൻ തുടർന്നു വരുന്നുണ്ട്. ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തിയ്യതി | വേതനമിനത്തിൽ നൽകിയ തുക |
|---|---|---|
| സപ്തംബർ 2020 | 22000723/09.11.2020 | 5280 |
| ഒക്ടോബർ 2020 | 22000849/24.12.2020 | 5940 |
| നവംബർ 2020 | 22000850/24.12.2020 | 5280 |
| ഡിസംബർ 2020 | 22000878/01.01.2021 | 6600 |
| ജനുവരി 2021 | 22000964/03.02.2021 | 5280 |
| ഫെബ്രുവരി 2021 | 22001055/06.03.2021 | 5280 |
| | | 33660 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/ തസ്വഭവ , തിയ്യതി 14.02.2018 അനുബന്ധവിഷയങ്ങളിൽ 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ /ഹോണറേറിയമോ നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ അനുവദനീയമായ ഇളവുകളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഫാർമസിസ്റ്റ് കം അറ്റൻഡറെ നിയമിച്ച് വേതനം നൽകാൻ പ്രോജക്ട് വഴി തുക ചെലവഴിക്കുന്നതിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03 /2020-21/31.08.21) സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതുലഭ്യമാക്കുന്നതുവരെ ചെലവു തുക 33660/-രൂപ തടസ്സം ചെയ്യുന്നു.

## 1-18 സർക്കാർ അനുമതി ലഭ്യമാക്കാതെ ആയുർവേദ തെറാപിസ്റ്റ് നിയമനം - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല

പ്രോജക്ട് : 9/21 ആയുർവേദ ആശുപത്രിയിലെ തെറാപിസ്റ്റിന് വേതനം

ചെലവ് : 219780/- (തനത് ഫണ്ട്)

പ്രോജക്ട് : 366/21 ആയുർവേദ ആശുപത്രിയിലെ തെറാപിസ്റ്റിന് വേതനം (സ്പിൽ ഓവർ)

ചെലവ് : 19980/- (തനത് ഫണ്ട്)

2019-20 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച 323/20 നമ്പർ പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രിയിൽ തെറാപ്പിസിറ്റിനെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. പ്രതിദിനം 740 രൂപ വെച്ച് മാസത്തിൽ 19980/-രൂപയിൽ അധികരിക്കാതെയാണ് തുക നല്കിയിട്ടുള്ളത്. 2020-21 ലും പ്രോജക്ട് വെച്ച് ടിയാനെ തുടരാനനുവദിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് കാലയളവിലും തെറാപ്പിസ്റ്റ് തസ്തിക തുടർന്നു വരുന്നുണ്ട്. ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തിയ്യതി | വേതനമിനത്തിൽ നൽകിയ തുക | |
|---|---|---|---|
| ഫെബ്രുവരി 2020 | 21901171/05.03.2020 | 19980 | 2019-20 വർഷത്തെ ചെലവ് |
| മാർച്ച് 2020 | 2200 062 /30.04.2020 | 19980 | 2020-21 വർഷത്തെ ചെലവ് |
| ഏപ്രിൽ 2020 | 22000129/07.05.2020 | 19980 | |
| | | | |

| | | |
|---|---|---|
| മെയ് 2020 | 22000208/04.06.2020 | 19980 |
| ജൂൺ 2020 | 22000313./02.07.2020 | 19980 |
| ജൂലൈ 2020 | 22000421/06.08.2020 | 19980 |
| ആഗസ്റ്റ് 2020 | 22000514/11.09.2020 | 19980 |
| സപ്തംബർ 2020 | 22000598/05.10.2020 | 19980 |
| ഒക്ടോബർ 2020 | 22000714/04.11.2020 | 19980 |
| നവംബർ 2020 | 22000797/08.12.2020 | 19980 |
| ഡിസംബർ 2020 | 22000879/01.01.2021 | 19980 |
| ജനവരി 2021 | 22000963/03.02.2021 | 19980 |
| ഫെബ്രുവരി 2021 | 22001056/06.03.2021 | 19980 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/ തസ്വഭവ , തിയ്യതി 14.02.2018 അനുബന്ധവിഷയങ്ങളിലെ ക്രമ നമ്പർ 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ /ഹോണറേറിയമോ നൽകാൻ പാടില്ല. അനുവദനീയമായ ഇളവുകളെക്കുറിച്ചും ഇതിൽപ്രതിപാദിക്കുന്നുണ്ട്. ആയുർവേദ തെറാപിസ്റ്റിന് വേതനം നൽകാൻ പ്രോജക്ട് വഴി തുക ചെലവഴിക്കുന്നതിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടില്ല. ഇതിന് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 02 /2019-20/31.08.21) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചകർമ്മ ചികിത്സ ആവശ്യമുള്ള ഒരുപാട് പുരുഷരോഗികൾ ഉണ്ടായതിനാലാണ് ഇത്തരത്തിൽ തെറാപിസ്റ്റിനെ നിയമിച്ചതെന്നും ആയതിന്റെ നിയമനത്തിന് സർക്കാർ അനുമതിക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മറുപടി നൽകി. കിടത്തി ചികിത്സയുള്ള മേൽ ആശുപത്രിയിൽ സർക്കാർ അനുമതി ലഭ്യമാക്കി തെറാപിസ്റ്റിനെ നിയമിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അനുമതിലഭ്യമാവുന്നതു വരെ 20-21വർഷത്തെ ചെലവു തുക 239760/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 മുൻകൂർ തുക നൽകിയിട്ടും ആയുർവേദമരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് : 05/21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1325000/- - MG(NR)

ബിൽ : 03/20-21/06.07.2020 (350000/-)

ബിൽ : 04/20-21/18.12.2020 (850000/-)

ബിൽ : 06/20-21/19.02.2021 (125000/-)

2020-21 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ടു പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 1325000/- രൂപ മുൻകൂറായി ഔഷധിയിലേക്ക് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തിയ്യതി | ലഭ്യമായ മരുന്നുകളുടെ വില വിവരം |
|---|---|---|---|
| 1 | 90164829 | 11.06.2020 | 21470 |
| 2 | 90173097 | 29.07.2020 | 206703 |
| 3 | 90174253 | 31.07.2020 | 57368 |
| 4 | 90178371 | 29.08.2020 | 26049 |
| 5 | 90186753 | 05.11.2020 | 11121 |
| 6 | 90188953 | 27.11.2020 | 25461 |
| 7 | 90191940 | 21.12.2020 | 1829 |
| 7 | 90194910 | 16.01.2021 | 390226 |
| 8 | 90197670 | 31.01.2021 | 144912 |
| 9 | 90201196 | 28.02.2021 | 136497 |
| 10 | 90206135 | 31.03.2021 | 67716 |

| | | | |
|---|---|---|---|
| 11 | 90208928 | 27.05.2021 | 70760 |
| 12 | 90204058 | 25.03.2021 | 43673 |
| 13 | 90214181 | 29.06.2021 | 23162 |
| | | | 1226947 |

ലഭ്യമാവാനവശേഷിക്കുന്ന 98053/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02 /2020-21/31.08.21) ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതിനായി ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടിനൽകിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 തെരുവു വിളക്ക് റിപ്പയർ - രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

പ്രോജക്ട് :74/21 തെരുവ് വിളക്ക് റിപ്പയർ

അടങ്കൽ : 200000/-(Plan-Gen)

: 200000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 200000/-(Plan Gen) ( ബിൽ നമ്പർ 22/20-21/28.02.21)

198440/-(ധനകാര്യകമ്മീഷൻ അവാർഡ് )(ബിൽ നമ്പർ : 23/20-21/9.03.2021)

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവു വിളക്കുകൾ റിപ്പയർ ചെയ്ത് 383 പുതിയ ബൾബുകൾ ഫിറ്റ് ചെയ്തിട്ടുണ്ട്. ടെണ്ടർ വഴി തെരെഞ്ഞെടുത്ത ശ്രീ സജാദ് പി കെ എന്നവർക്കാണ് പ്രൊജക്ട് നിർവഹണം ഏൽപ്പിച്ചത്. റിപ്പയർ ചെയ്തതിന് കെ എസ് ഇ ബി യിലെ സൂപ്പർവിഷൻ സാക്ഷ്യപത്രവും റിപ്പയർ ചെയ്ത തെരുവുവിളക്കിന്റെ ഇലക്ട്രിക് പോസ്റ്റുകളുടെ പേരു വിവരം അടക്കമുള്ള മെമ്പർമാരുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/ വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ). എന്നാൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (10 /2020-21/06.09.21)പരാതി രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ആയതിൽ ഉത്തരവു പ്രകാരമുള്ള മുഴുവൻ രേഖപ്പെടുത്തലും വരുത്തിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതുമാണ്.

## 1-21 അഗതി രഹിത കേരളം - പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി. 12.12.2017 പ്രകാരം അഗതി രഹിത കേരളം പദ്ധതിയുടെ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019മുതൽ 2022 വരെയുള്ള പദ്ധതി കാലഘട്ടത്തിലേക്ക് 169ഗുണഭോക്താക്കളെയാണ് പഞ്ചായത്തിൽ തെരെഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ 128 പേർ ജനറൽ വിഭാഗത്തിലും 41 പേർ എസ് സി വിഭാഗത്തിലും പെടുന്നവരാണ്. ഗുണഭോക്താക്കളുടെ പരിപൂർണ്ണമായ ഉന്നമനം ലക്ഷ്യമാക്കിയാണ് 18895700/- രൂപയുടെ അടങ്കലിൽ പഞ്ചായത്തിൽ അഗതികേരളം പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സേവന പാക്കേജ് | സേവനങ്ങൾ വേണ്ട കുടുംബങ്ങളുടെ എണ്ണം | ആവശ്യമായതുക | തുകവകയിരുത്തിയ ഏജൻസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സ്ഥലം | 10 | 3000000 | ഗ്രാമ പഞ്ചായത്ത് |
| 2 | വീട് | 25 | 10000000 | ഗ്രാമ പഞ്ചായത്ത് |
| 3 | വീട് റിപ്പയർ | 31 (SC-8, Gen-23) | 2550000 | ഗ്രാമ പഞ്ചായത്ത് |
| 4 | ചികിത്സ | 152 | 475500 | കുടുംബശ്രീ |
| 5 | ഭക്ഷണം | 169 | 2332800 | കുടുംബശ്രീ |
| 6 | വിദ്യാഭ്യാസം | 28 | 137000 | കുടുംബശ്രീ |
| 7 | കുടിവെള്ളം | 52 | 218400 | ഗ്രാമ പഞ്ചായത്ത് |
| 8 | വൈദ്യുതീകരണം | 16(SC-3, Gen-13) | 92000 | ഗ്രാമ പഞ്ചായത്ത് |
| 9 | മെഡിക്കൽ ക്യാമ്പ് | | 15000 | |
| 10 | റിസർവ് ഫണ്ട് | | 75000 | |
| ആകെ | | | 18895700 | |

സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി. 12.12.2017 പ്രകാരം അടങ്കൽതുകയുടെ 40ശതമാനം കുടുംബശ്രീയും 35 ശതമാനം ഗ്രാമ പഞ്ചായത്തും 15 ശതമാനം ബ്ലോക്ക് പഞ്ചായത്തും 10 ശതമാനം ജില്ലാ പഞ്ചായത്തുമാണ് വകയിരുത്തേണ്ടത്.എന്നാൽഇത്തരത്തിലുള്ള ഒരു സമഗ്രമായ ഫണ്ടിംഗ് രീതി പദ്ധതി രൂപീകരണ സമയത്ത് ഗ്രാമ പഞ്ചായത്തിൽഅവലംബിച്ചിട്ടില്ല. 2019-20,20-21 വർഷങ്ങളിൽ മുൻവർഷങ്ങളിൽ ലഭ്യമായ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷണ കിറ്റ് വിതരണം മാത്രമാണ് നടന്നിട്ടുള്ളത്.

2019-20,20-21 വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിൽനിന്നും പ്രോജക്ടു വഴി താഴെ പറയും പ്രകാരം തുക അഗതി കേരളം പദ്ധതിയുടെ അക്കൗണ്ടിൽ (കേരള ഗ്രാമീണ ബാങ്കിലെ അക്കൗണ്ട് നം. 40156101065934)നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | നിർവ്വഹണോദ്യോഗസ്ഥൻ | ഫണ്ടിനം | തുക |
|---|---|---|---|---|
| 1 | 20/20 അഗതി രഹിത കേരളം പഞ്ചായത്ത് വിഹിതം നൽകൽ | സെക്രട്ടറി | വികസനഫണ്ട്-ജനറൽ | 204000 |
| 2 | | സെക്രട്ടറി | തനത് ഫണ്ട് | 126000 |
| 3 | 247/21 അഗതി രഹിത കേരളം പഞ്ചായത്ത് വിഹിതം നൽകൽ | സെക്രട്ടറി | വികസന ഫണ്ട് -എസ് സി പി | 644588 |
| 4 | 211/21 അഗതി രഹിത കേരളം | അസി.സെക്രട്ടറി | വികസന ഫണ്ട് -ജനറൽ | 50000 |

ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ മേൽ തുകകൾ അക്കൗണ്ടിൽ വരവ് വന്നതായി കണ്ടു. 31.03.2021 ന് അക്കൗണ്ടിൽ 981875/- രൂപ നീക്കി ബാക്കി ഉണ്ട്.

പഞ്ചായത്തിൽ നിന്നും അക്കൗണ്ടിലേക്ക് മാറ്റിയ തുകകളുടെ ചെലവ് വിവരം പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിൽ 4 പേർക്ക് വീട്ടു റിപ്പയറിംഗിന് 75000/- രൂപ വീതം ആകെ 300000/-രൂപ നൽകിയതായി കണ്ടു. എന്നാൽ എസ് സി പി വിഭാഗത്തിലുള്ളവർക്കായി തുകയൊന്നും തന്നെ ചെലവഴിച്ചതായി കണ്ടില്ല. 8 എസ് സി ഗുണഭോക്താക്കളുടെ ഭവന റിപ്പയറിംഗിനായി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആർക്കും നാളിതു വരെയായി തുക വിതരണം ചെയ്തിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും ആവശ്യകതക്കനുസരിച്ച് റിക്വിസിഷൻ നല്കുമ്പോഴാണ് ഫണ്ട്ട്രാൻസ്ഫർ ചെയ്യേണ്ടത്. പഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്ത തുകകൾ ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2020-21/31.08.2021) എസ് സി കുടുംബങ്ങൾക്ക് വീട്റിപ്പയറിംഗിനായുള്ള നടപടിക്രമങ്ങൾ ആരംഭിച്ചപ്പോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വഴി ടി കുടുംബങ്ങൾക്ക് മുൻവർഷങ്ങളിൽ വീട് റിപ്പയറിന് തുക നൽകിയിട്ടുണ്ടെന്ന് ബോധ്യമായതെന്നും ആയതിനാലാണ് തുക ചെലവഴിക്കാൻ കഴിയാഞ്ഞതെന്നും മറുപടി ലഭ്യമാക്കി. ഇതിൽ നിന്നും ആവശ്യകതക്കനുസരിച്ചല്ല ഫണ്ട് ട്രാൻസ്ഫർ ചെയ്തതെന്ന വ്യക്തമാണ്. ചെലവഴിക്കാത്ത തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൽ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് . തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

2022 മാർച്ചിൽ കാലാവധി അവസാനിക്കുന്ന അഗതികേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യത്തിനുള്ള പദ്ധതികൾ ഇനിയും പ്രാവർത്തികമാക്കിയിട്ടില്ല. പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി

ഉപസമിതി രൂപീകരിക്കണമെന്ന നിർദേശിച്ചിട്ടുണ്ട്. മിനുട്ട്സ് പരിശോധിച്ചതിൽ കഴിഞ്ഞ ഒരു വർഷത്തോളമായി വിലയിരുത്തൽ സമിതിയും ഉപസമിതിയും യോഗം ചേർന്നതായി കാണുന്നില്ല. പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ട നേട്ടങ്ങൾ സമയബന്ധിതമായി കൈവരിക്കാൻ നിലവിലെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പദ്ധതി പ്രവർത്തനത്തിന് വിവിധ സ്രോതസ്സുകളിലൂടെ ശേഖരിക്കേണ്ട ഫണ്ട് കണ്ടെത്താനും പ്രധാന വെല്ലുവിളിയായി മുമ്പിലുള്ള ഭൂരഹിത ഭവന രഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും പദ്ധതി നടത്തിപ്പിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്താനും ഭരണ സമിതിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ് .

## 1-22 തെരുവ് വിളക്ക് സ്ഥാപിക്കൽ- അധികം ബൾബുകൾ വാങ്ങിയത് സംബന്ധിച്ച്

പ്രോജക്ട് :201/21 വാർഡ് 15 സ്ട്രീറ്റ് ലൈറ്റ്സ്ഥാപിക്കൽ

ഫണ്ടിനം : ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ : 250000/-

ചെലവ് : 242474/- ( ബിൽ നമ്പർ 36/20-21/31.03.21)

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രൊജക്ട് പ്രകാരം വാർഡ് പതിനഞ്ചിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കെൽട്രോണിൽ നിന്നും 2550/- രൂപ വിലവരുന്ന 18W LED Dome Light (നികുതി അടക്കം) 95 എണ്ണം വാങ്ങിയിട്ടുണ്ട്. 224 രൂപ കടലുണ്ടി ഇലക്ട്രിക്കൽ സെക്ഷനിൽ സൂപ്പർവിഷൻ ചാർജ്ജായി അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ വിവരം വാർഡ് മെമ്പർ നൽകിയതു പ്രകാരം 91 എണ്ണമാണ്. ഇത് കെഎസ് ഇ ബി യുടെ സൂപ്പർവിഷനിൽ സ്ഥാപിച്ചിട്ടുണ്ട്. സൂപ്പർവിഷൻ ലഭ്യമാക്കുന്നതിനായി കെ എസ് സി ബി ഇലക്ട്രിക്കൽ സെക്ഷനു നൽകിയ നൽകിയ കത്തിൽ കാണിച്ച ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണത്തിൽ മെമ്പറുടെ സാക്ഷ്യപത്രത്തിൽ നിന്നും വ്യത്യസ്തമായി 95 എണ്ണം കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ചേളാരി ഇലക്ട്രിക്കൽ സെക്ഷനിൽ 8 ബൾബുകൾക്കു പകരം 10 എണ്ണവും (മാങ്ങാട്ടയിൽ റോഡ്) , കടലുണ്ടി ഇലക്ട്രിക്കൽ സെക്ഷനിൽ 83 ബൾബുകൾക്കു പകരം 85 ബൾബുകളും (കല്ലിങ്ങൽ തൊടി റോഡ്, ചരക്കടവ് റോഡ് എന്നിവിടങ്ങളിൽ ഓരോ ബൾബു വീതം അധികം കാണിച്ചു.) ആണ് കാണിച്ചിട്ടുള്ളത്. കെ എസ് സി ബി കടലുണ്ടി സെക്ഷനിൽ നിന്നും ലഭ്യമായ ഡിമാന്റ് ലെറ്റർ പ്രകാരം 9 ബൾബുകൾ ഫിറ്റു ചെയ്യുന്നതിനുള്ള സൂപ്പർ വിഷൻ തുകയാണ് അടവാക്കാനാവിശ്യപ്പെട്ടിട്ടുള്ളത്. ടി പ്രവൃത്തി പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രവും കടലുണ്ടി സെക്ഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ കെ എസ് സി ബി ചേളാരി സെക്ഷനിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭ്യമാവുകയോ പ്രവൃത്തി പൂർത്തീകരിച്ച വിവരം ലഭ്യമാവുകയോ ചെയ്തിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള ഇലക്ട്രിക്കൽ പോസ്റ്റുകൾ സഹിതം വാർഡ് മെമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന് 95 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന കത്ത് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 95 എൽ ഇ ഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സ്ഥാപിച്ചതിന്റെ കൃത്യത ഉറപ്പിക്കാനായില്ല. ചേളാരി സെക്ഷനിലേക്ക് സൂപ്പർ വിഷൻ അടവാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ്നോട്ടീസ്, പ്രവൃത്തി പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. പർച്ചേസ് ചെയ്ത 95 എൽ ഇ ഡി ബൾബുകളിൽ ചേളാരി സെക്ഷനിൽ സ്ഥാപിച്ച 9 എൽ ഇ ഡി കളും കടലുണ്ടി സെക്ഷനിൽ സ്ഥാപിക്കാനാവശ്യപ്പെട്ട 83 ബൾബുകളും ഒഴികെയുള്ള 3 ബൾബുകൾ സ്ഥാപിച്ചതിന്റെ വിവരം/ ബാക്കി നിൽക്കുന്ന ബൾബുകളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08 /2020-21/06.09.21) മേൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനായി വിഷയം ഭരണ സമിതിയിൽ ഉൾപ്പെടുത്തി കെ എസ് ഇ ബിയുമായി ചേർന്ന് ജോയിന്റ് വേരിഫിക്കേഷൻ നടത്തുന്നതാണെന്ന മറുപടിയാണ് നൽകിയത്. പദ്ധതി പൂർത്തീകരിച്ച് സ്ഥാപിച്ച ലൈറ്റുകളുടെ കൃത്യത ഉറപ്പു വരുത്താതെ തുക മുഴുവനായി നൽകിയത് ക്രമപ്രകാരമല്ല. സ്ഥാപിച്ചതായി രേഖകളില്ലാത്ത 3 ബൾബുകളുടെ തുക 7650/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ചേളാരി സെക്ഷനിലേക്ക് സൂപ്പർ വിഷൻ അടവാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ്നോട്ടീസ്, പ്രവൃത്തി പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചേളാരി സെക്ഷനിൽ സ്ഥാപിച്ച 83 ബൾബുകളുടെ ചെലവു തുക 211650/-(2550*83) തടസ്സം ചെയ്യുന്നു.

## 1-23 ന്യൂട്രിമിക്സ് വിതരണം - ജി എസ് ടി - ടിഡിഎസ് ഈടാക്കിയില്ല

2020-21 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം അങ്കൻവാടി ന്യൂട്രീഷനായി താഴെ പറയും പ്രകാരം തുക ചെലവവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 367/21 അംഗൻവാടി പൂരക പോഷകാഹാര പരിപാടി | 167000 (വികസനം-ജനറൽ) | ബിൽ നമ്പർ 01/20-21/18.05.20 (167000/-) |
| | | 70558 (കേന്ദ്രാവിഷ്കൃതം) | ചെക്ക് നമ്പർ JM0026745/ 09.12.20 (70558/-) |
| 2 | 18/21 അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി | 2100000 (വികസനം-ജനറൽ) | ബിൽ നമ്പർ 03/20-21/18.05.20 (449550 /-)<br>ബിൽ നമ്പർ 04/20-21/18.05.20 (278095 /-)<br>ബിൽ നമ്പർ 05/20-21/19.06.20 (721519 /-)<br>ബിൽ നമ്പർ 06/20-21/27.08.20 (40784 /-)<br>ബിൽ നമ്പർ 13/20-21/20.02.2021 (257742 /-)<br>ബിൽ നമ്പർ 14/20-21/20.02.2021(295404 /-)<br>ബിൽ നമ്പർ 17/20-21/26.02.2021 (56906 /-) |
| | | 2500000 (കേന്ദ്രാവിഷ്കൃതം) | ചെക്ക് നമ്പർ JM0026741/ 25.11.20 (400000/-)<br>ചെക്ക് നമ്പർ JM0026742/ 25.11.20 (445644/-)<br>ചെക്ക് നമ്പർ JM0026743/ 27.11.20 (255744/-)<br>ചെക്ക് നമ്പർ JM0026744/ 25.11.20 (400092/-)<br>ചെക്ക് നമ്പർ JM0026747/ 10.12.20 (321547/-)<br>ചെക്ക് നമ്പർ JM0026748/ 17.12.20 (253831/-)<br>ചെക്ക് നമ്പർ JM0026749/ 17.12.20 (255830/-)<br>ചെക്ക് നമ്പർ JM0026750/ 15.03.21 (167404/-) |
| 3 | 404/21 അംഗൻവാടി പൂരക പോഷകാഹാരം - എസ് സി പി | 328000 (വികസനം-എസ്സി പി) | ബിൽ നമ്പർ 18//20-21/26.02.2021 (328000 /-) |

മേൽ പ്രോജക്ടുകളിലായി 2020-21 വർഷത്തിൽ ന്യൂട്രിമിക്സിനായി 2887512/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ന്യൂട്രിമിക്സ് യൂണിറ്റ് | ബിൽ നം/ തിയ്യതി | തുക | 5% ജി എസ് ടി ഒഴികെയുള്ള തുക | ഈടാക്കേണ്ട ജി എസ് ടി ടിഡിഎസ് |
|---|---|---|---|---|---|
| 1 | രാഗശ്രീ ന്യൂട്രിമിക്സ് | ഇൻവോയ്സ് നമ്പർ | 202087 | 192465 | |

| | | | | | |
|---|---|---|---|---|---|
| | | 93/07.01.2020 | | | |
| 2 | | ഇൻവോയ്സ് നമ്പർ 90/16.02.2020 | 151328 | 144172 | |
| 3 | | ഇൻവോയ്സ് നമ്പർ 152/01.03.2020 | 150589 | 143467 | |
| 4 | | ഇൻവോയ്സ് നമ്പർ 172/01.06.2020 | 213784 | 203674 | |
| 5 | | ഇൻവോയ്സ് നമ്പർ 184/29.06.2020 | 207792 | 197964 | |
| 6 | | ഇൻവോയ്സ് നമ്പർ 185/29.08.20 | 237760 | 226516 | |
| 7 | | ഇൻവോയ്സ് നമ്പർ 195/03.09.20 | 255744 | 243648 | |
| | ആകെ | | 1419084 | 1351906 | 27038.12 |
| 8 | വിജയ് ഓജസ്സി | ഇൻവോയ്സ് നമ്പർ 03/23.04.2020 | 195804 | 185220 | |
| 9 | | ഇൻവോയ്സ് നമ്പർ 08/04.05.2020 | 253746 | 240030 | |
| 10 | | ഇൻവോയ്സ് നമ്പർ 25/05.10.2020 | 253831 | 241744 | |
| 11 | | ഇൻവോയ്സ് നമ്പർ 27/22.10.2020 | 255830 | 243648 | |
| 12 | | ഇൻവോയ്സ് നമ്പർ 32/03.12.2020 | 257828 | 245551 | |
| 13 | | ഇൻവോയ്സ് നമ്പർ 36/11.01.21 | 251389 | 239418 | |
| | ആകെ | | 1468428 | 1395611 | 27912.22 |

നികതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/2020-21/10.09.21) തുടർന്നുള്ള വർഷങ്ങളിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. 2020-21 വർഷത്തിൽ തുക നൽകിയ ന്യൂട്രിമിക്സ് യൂണിറ്റുകൾ ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി- ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-24 അനുബന്ധ രേഖകൾ ലഭ്യമായില്ല .ചെലവ്.തുക തടസ്സം ചെയ്യുന്നു.

2020-21ൽ സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം/ചെലവിന്റെ അനുബന്ധ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07 /2020-21/31.08.21) വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആ ചെലവ് തുക 1165250/- വിനിയോഗ സാക്ഷ്യപത്രത്തിന്റെ/ അനുബന്ധ രേഖകളുടെ അഭാവത്തിൽ തടസ്സം ചെയ്യുന്നു.

### 1-24-1 എസ് എസ് എ വിഹിതം അടവാക്കൽ

| പ്രോജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 01/21 എസ് എസ് എ വിഹിതം അടവാക്കൽ | ബിൽ മ്പർ 18/20-21/ 28.01.2021<br>Plan- General | 500000 | ജില്ലാ പ്രോജക്ട് ഓഫീസർ, SSK | വിനിയോഗ വിവരം |

### 1-24-2 കൃഷിഭവന് കുഴൽകിണർ

| പ്രോജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 406/21 കൃഷിഭവന് കുഴൽകിണർ | ബിൽ മ്പർ 24/20-21/27.02.21<br>Plan- General | 54572 | ഭൂജല വകുപ്പ് | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |

### 1-24-3 സ്ലീറ്റ് മെയിൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|
| 1 | 198/21 വാർഡ് 16 ൽ സ്ലീറ്റ് ലൈൻ വലിക്കൽ | ബിൽ മ്പർ 15/20-21/07.12.2020<br>MG(NR) | 136291 | കെ എസ് ഇ ബി കടലുണ്ടി ഇലക്ട്രിക്കൽ സെക്ഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 2 | 217/21 യൂണിവേഴ്സിറ്റി കാട്ടിപ്പാലം റോഡിൽ സ്ലീറ്റ് ലൈൻ വലിക്കൽ | ബിൽ നമ്പർ 25/20-21/12.03.21<br>50000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>516/- (വൗച്ചർ നമ്പർ 22001087/17.03.2021) തനത് ഫണ്ട് | 50000<br>516 | കെ എസ് ഇ ബി ചേളാരി ഇലക്ട്രിക്കൽ സെക്ഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 3 | 300/21 പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ലീറ്റ് മെയിൻ വലിക്കൽ (വാർഡ് നം. 2,3,4,5,6,8,10,11) | വൗച്ചർ നമ്പർ 22000505/ 08.09.20 | 343030 | കെ എസ് സി ബി രാമനാട്ടുകര ഇലക്ട്രിക്കൽ സെക്ഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 4 | 68/21 പൈങ്ങോട്ടൂർ ചേലൂർപാടം റോഡ് | വൗച്ചർ നമ്പർ | 80841 | കെ എസ് സി ബി | പ്രവൃത്തിയുടെ |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ വലിക്കൽ | 22000088/30.04.20 | | ചേളാരി ഇലക്ട്രിക്കൽ സെക്ഷൻ | പൂർത്തീകരണ വിവരം |
| | | | | | |

## 1-25 ലൈബ്രറി സെസ്സ് അടവാക്കൽ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിൽ ലൈബ്രറി സെസ്സ് തുക അടവാക്കുന്നതിനായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമായില്ല ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 471969/- രൂപ തടസ്സം ചെയ്യുന്നു. (എൻക്വയറി നമ്പർ 18/20-21/13.09.2021)

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|
| 1 | 2019-20 വർഷത്തിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുക അടവാക്കിയത് | വൗച്ചർ നമ്പർ 22000277/30.06.20 | 379427 | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | തുകയുടെ കൈപ്പറ്റ് രശീതി |
| 2 | 2020-21 ഒന്നാം അർദ്ധ വാർഷിക ലൈബ്രറി സെസ്സ് തുക അടവാക്കിയത് | വൗച്ചർ നമ്പർ 22001172/30.03.21 | 92542 | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | തുകയുടെ കൈപ്പറ്റ് രശീതി |
| | | | 471969 | | |

## 1-26 മുൻകൂർ തുക നൽകിയ കമ്പ്യൂട്ടർപ്രിന്റർ ലഭ്യമായില്ല,

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് : 235/21 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർവാങ്ങൽ

അടങ്കൽ : 120000(തനത്)

ചെലവ് : 105500/-(വൗച്ചർ നമ്പർ 22001119/19.03.21)

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ വാങ്ങുന്നതിനായി ഗവ. ഇ മാർക്കറ്റ് വഴി കെൽട്രോണിന് 105500/- രൂപ മുൻകൂറായി നൽകി. താഴെ പറയുന്ന പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള തുകയാണ് നൽകിയത്.

| ഇനം | എണ്ണം | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| Desktop | 2 | TVM/ITBG/PI/RC/24411/20-21 Dated 12.03.2021 | 79594 |
| Printer | 2 | TVM/ITBG/PI/RC/24499/20-21 Dated 15.03.2021 | 25906 |

തുക മുൻകൂറായി നൽകിയെങ്കിലും നാളിതു വരെയായി കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല. സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു. (എൻക്വയറി നമ്പർ 07/20-21/31.08.2021)

## 1-27 അനുമതിയില്ലാത്ത ചെലവുകൾ- തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിലെ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങൾക്ക് ചായയും ചെറുകടിയും നൽകുന്നതിനായി ജനുവരി ഫെബ്രുവരി മാസങ്ങളിൽ ചെലവഴിച്ച തുക താഴെ പറയും ഹെൽപ്പ് ഡെസ്ക് എന്ന കുടുംബശ്രീ ഗ്രൂപ്പിന് നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 22000154/30.05.2020 | 12000 |
| 2 | 22000155/30.05.20 | 12250 |
| | | |

| | | 24250 |
|---|---|---|

മേൽ പ്രകാരം തുക ചെലവഴിക്കുന്നതിനായി ഒരു നൂതന പ്രോജക്ട് രൂപീകരിച്ച് DPC അംഗീകാരം നേടി ജനുവരി 2020മുതൽ നടപ്പിലാക്കുന്നതിന് 17.12.2019 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 6(9) നമ്പറായി തീരുമാനം എടുത്തിട്ടുണ്ട്. തുടർന്ന് ISO Certification – തുടർ പദ്ധതി പ്രവർത്തനങ്ങൾ (299/20) എന്ന പ്രോജക്ടിന് മേൽ ലക്ഷ്യം മുൻനിർത്തി DPC അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം 2019-20 വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. പ്രോജക്ട് സ്പിൽ ഓവറായി കൊണ്ടു വന്നിട്ടുമില്ല. എന്നാൽ 2020-21 ലാണ് തനത് ഫണ്ടിൽ മേൽ വൗച്ചറുകൾ പ്രകാരം തുകചെലവു ചെയ്തത്. ഇത്തരത്തിൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖപ്രകാരം അനുമതിയില്ല. പ്രസ്തുത ചെലവ് പ്രത്യേക അനുമതി ഉണ്ടെങ്കിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19 /2020-21/13.09.21) മറുപടി ലഭ്യമാക്കിയില്ല. അനുമതി ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-28 മഴക്കാല പൂർവ്വശുചീകരണം- ചെലവു രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.

മഴക്കാല പൂർവ്വശുചീകരണത്തിനായി ഒരു വാർഡിന് 15000/- രൂപ( 10000/- രൂപ ശുചിത്വമിഷൻഫണ്ടിൽ നിന്നും 5000/- രൂപ തനത്ഫണ്ടിൽ നിന്നും ) വീതം 18 വാർഡിന് 270000/- രൂപ വൗച്ചർ നമ്പർ 22000070/30.04.2020 പ്രകാരം പി എച്ച് സി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പരിശോധനക്കായി വാർഡ് നമ്പർ 9,13,16,18 എന്നീ വാർഡുകളുടെ പാസ്സ് ബുക്ക് , ക്യാഷ്ബുക്ക്, വൗച്ചറുകൾ എന്നിവ മാത്രമാണ് ലഭ്യമാക്കിയത്. ലഭ്യമാക്കിയ രേഖകൾപരിശോധിച്ചതിൽ തുക പൂർണ്ണമായി വിനിയോഗിച്ചതായി കാണുന്നില്ല.

വിശദ വിവരം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | നൽകിയ തുക | ചെലവഴിവിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 9 | 15000 | | | |
| 13 | 15000 | 4750 | 10250 | |
| 16 | 15000 | 15000 | | |
| 18 | 15000 | വ്യക്തതയില്ല | - | ചെലവു വൗച്ചറുകൾ പ്രകാരം 12019/- രൂപ 2020-21 ൽ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പാസ്സ് ബുക്ക് പ്രകാരം 23179 രൂപ നീക്കിബാക്കിയുണ്ട്. |

തുക പൂർണ്ണമായും ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2020-21/13.09.21)മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു വിവരം ലഭ്യമാക്കാത്ത 14 വാർഡുകൾക്കായി അനുവദിച്ച 210000/-രൂപ തടസ്സം ചെയ്യുന്നു.

## 1-29 കാലഹരണപ്പെട്ട ജാമ്യ നിക്ഷേപങ്ങൾ മുതൽ കൂട്ടിയിട്ടില്ല.

KFC ആർട്ടിക്കിൾ 282(6) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപങ്ങൾ ആയത് തിരികെ നൽകാവുന്ന തീയ്യതി (ഗ്യാരണ്ടി പിരീഡ് അവസാനിക്കുന്ന ദിവസം) മുതൽ മൂന്ന് വർഷത്തിനകം തിരികെ വാങ്ങിയില്ലെങ്കിൽ കാലഹരണപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിലേക്ക് (സർക്കാരിലേക്ക്) മുതൽ കൂട്ടാൻ യോഗ്യമാകുന്നതുമാണ്. ഓരോ വർഷാന്ത്യത്തിലും നീക്കിയിരിപ്പുള്ള ജാമ്യ നിക്ഷേപങ്ങളുടെ വർഷം തിരിച്ച പട്ടിക തയ്യാറാക്കി കാലഹരണപ്പെട്ടവ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം. എന്നാൽ ഇപ്രകാരം പട്ടിക തയ്യാറാക്കുന്നില്ല. ആയതിനാൽ മുതൽകൂട്ടുന്നതിന് യോഗ്യമായ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഉണ്ടോ എന്ന് വ്യക്തമല്ല. തിരികെ നൽകാൻ അവശേഷിക്കുന്ന ജാമ്യനിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള പട്ടിക തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 10-9-2021 മുതൽ 13-9-2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പരും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1400000 | ലൈഫ് ഭവന നിർമ്മാണം ജനറൽ വാസഭൂമി വാങ്ങൽ 189/21 | 1400000 | 0 |
| | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 204/21 | 100000 | 0 |
| | 10000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 246/21 | 100000 | 0 |
| | 620000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 23/21 | 620000 | 0 |
| | 1440000 | ലൈഫ് ഭവന നിർമ്മാണം ജനറൽ 182/21 | 1440000 | 0 |
| | 1080000 | ലൈഫ് ഭവന നിർമ്മാണം ജനറൽ 295/21 | 1080000 | 0 |
| | 380000 | ലൈഫ് ഭവന നിർമ്മാണം ജനറൽ വാസഭൂമി വാങ്ങൽ 298/21 | 380000 | 0 |
| | 920000 | ലൈഫ് ഭവന നിർമ്മാണം എസ്.സി 299/21 | 920000 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 23/21 | 500000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പൈങ്ങോട്ടൂർ ചേലൂർപ്പാടം റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രൊജക്റ്റ് നമ്പർ : 68/21) | 2200088/30.042020 KSEB ചേളാരി | 80841 | 0 | UC ലഭ്യമായില്ല | 80841 |
| ഭൂജല | കൃഷിഭവന് | ബിൽ നമ്പർ : | 54572 | 0 | പൂർത്തീകരണ | 54572 |

| | | | | | | |
|---|---|---|---|---|---|---|
| വകുപ്പ് | കുഴൽക്കിണർ (പ്രൊജക്ട് നമ്പർ : 406/21) | 24/20-21 തി : 27.02.2021 | | | വിവരം ലഭ്യമല്ല | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വാർഡ് 16 ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രൊജക്ട് നമ്പർ : 198/21) | ബിൽ നമ്പർ : 15/20-21 തി : 07.12.2020 | 136291 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 136291 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | യൂണിവേഴ്സിറ്റി കാട്ടിപ്പാലം റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രൊജക്ട് നമ്പർ : 217/21) | വൗച്ചർ നമ്പർ : 22001087/17.03.2021, 516/- രൂപ ബിൽ നമ്പർ : 25/20-21 തി : 12.03.2021, 50000 രൂപ | 50516 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 50516 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (വാർഡ് നം. 2,3,4,5,6,8,10,11), (പ്രൊജക്ട് നമ്പർ : 300/21) | 22000505/ 08.09.20 | 343030 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 343030 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പൈങ്ങോട്ടൂർ ചെല്ലൂർ പാടം സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രൊജക്ട് നമ്പർ : 68/21) | 2200088/ 30.04.20 | 80841 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 80841 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Life Housing Scheme | G.O(Ms)No.124/2018 Dt 11/9/2018 | 7628415 | 6401944 | 922862 | | 5479082 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9515752 |
| തൻവർഷം നിക്ഷേപിച്ച തുക | 1850000 |
| പലിശ | 389847 |
| ആകെ | 11755599 |
| | |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11755599 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

<u>2020-21</u>

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| KGB Chelembra | 3086160 | 40156201800013 |
| KGB Chelembra | 1850000 | 40156142100009 |
| CSCB | 5281395 | 0020140016186 |
| KGB Chelembra | 1346593 | 40156141900062 |

കുറിപ്പ് : വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം കൃത്യമല്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## <u>4-7 ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ 3000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| [illegible] | [illegible] | 3000 | അസി. എഞ്ചിനീയർ | 120420101746/27.082020 |

## <u>4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്</u>

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46,50 | 2003-04 | പൊതു പരാമർശം | 1.ഓഫീസ് കെട്ടിട നിർമ്മാണം 2.പാലത്തിങ്ങൽ റോഡ് പുനരുദ്ധാരണം | 25.07.19ലെ നിയമാസഭാ സമിതിക്ക് മുൻപാകെ സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2(2) | 2016-17 | -- | തൊഴിൽ നികുതി 2014-15 | നിലനിൽക്കുന്നു |
| 2011-12, 2012-13 | 3(1) | 2014-15 | പൊതു പരാമർശം | നിഷ്ക്രിയ ആസ്തികൾ അവലോകനം | നിലനിൽക്കുന്നു |

| 2012-13 | | പ്രാമാണം | അവലോകനം | |
|---|---|---|---|---|

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| 1 | 2002-03 | 3(9) | പി.മാലതി | LF 8465/ Spl.Cell/ SC5/ 08-629/ 11.02.09 | 9,000 +12% പലിശ | | | | | | | 9000+ 12% പലിശ |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101473631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93150832 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2462039+72464 =2534503 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 33660 | ഡോ. സവിദ്യ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-13 | 72464 | ഡോ. അനിൽ കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-18 | 239760 | ഡോ. സവിദ്യ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-22 | 211650 | ശ്രീമതി. ലളിത എൻ, സെക്രട്ടറി ഇൻ ചാർജ് |
| 1-24-1 | 500000 | ശ്രീമതി. ഷീജ കെ അഹമ്മദ്, സെക്രട്ടറി |
| 1-24-2 | 54572 | ശ്രീമതി. ലളിത എൻ, സെക്രട്ടറി ഇൻ ചാർജ് |
| | 479321 | ശ്രീമതി. ഷീജ കെ അഹമ്മദ്, സെക്രട്ടറി |

| | | |
|---|---|---|
| 1-24-3 | 50516 | ശ്രീമതി. ലളിത എൻ, സെക്രട്ടറി ഇൻ ചാർജ് |
| | 80841 | ശ്രീ. സുനിൽ ബി, സെക്രട്ടറി – |
| 1-25 | 471969 | ശ്രീമതി. ഷീജ കെ അഹമ്മദ്, സെക്രട്ടറി – 379427 |
| | | ശ്രീമതി. ലളിത എൻ, സെക്രട്ടറി ഇൻ ചാർജ് – 92542 |
| 1-26 | 105500 | ശ്രീമതി. ലളിത എൻ, സെക്രട്ടറി ഇൻ ചാർജ് |
| 1-27 | 24250 | ശ്രീ. സുനിൽ ബി, സെക്രട്ടറി |
| 1-28 | 210000 | ശ്രീ. സുനിൽ ബി, സെക്രട്ടറി |
| ആകെ | 2534503 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 2 |
| 1998-99 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 4 |
| 1999-00 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2000-01 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2002-03 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 3 |
| 2006-07 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 8 |
| 2007-08 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 2 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം 6/3375/2014 തിയ്യതി 15-6-2020 | 7 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം 6/2762/2020 തിയ്യതി 15-6-2020 | 4 |
| 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തി. 09.06.2020 | 7 |
| 2016-17 | കെ.എസ്.എ എം.പി.എം 6/1774/2017 തിയതി 16.07.2020 | 14 |
| 2017-18 | കെ.എസ്.എ എം.പി.എം6/2126/18 തിയതി 16.9.19 | 11 |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ.എം.പി.എം.6/2826/2019 തിയ്യതി:15-07-2020 | 37 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**മലപ്പുറം**

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്